ഉത്തരം

(എ) കമേഴ്സിയൽ കോംപ്ലക്സ് ബ്ലോക്കുകളുടെ നിർമ്മാണം, റോഡുകളുടെ വികസനം, നിലവിലുള്ള മാർക്കറ്റിന്റെ ശാസ്ത്രീയമായ വികസനം, ട്രാഫിക് മാനേജ്മെന്റ് എന്നീ പദ്ധതികളാണ് പാളയം വികസന പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. ഒരു കമേഴ്സിയൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. പുനരധിവാസ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പണി പൂർത്തിയാക്കിയ സാഫല്യം കമേഴ്സിയൽ ബ്ലോക്കിന്റെ പുറകിലായി ബി.ഒ.റ്റി. വ്യവസ്ഥയിൽ ഒരു വാണിജ്യ ബ്ലോക്ക് പണിയുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) പുനരധിവാസ ബ്ലോക്കിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതാണ്.

മട്ടന്നൂർ നഗരസഭയുടെ വിഭജനം

107 (4542) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭ വിഭജിക്കുവാൻ ആലോചിക്കുന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വാർത്തയുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ;

(സി) മട്ടന്നൂർ നഗരസഭയുടെ നിർദ്ദിഷ്ട വിഭജനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇത്തമൊരു വിഭജനത്തിന് മട്ടന്നൂർ നഗരസഭ നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇത്തരമൊരു നിർദ്ദേശം പരിഗണിക്കുവാനുള്ള സാഹചര്യം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2003 ജൂലൈ 4-ാം തീയതിയിലെ മാതൃഭൂമി ദിനപ്പത്രത്തിന്റെ പ്രാദേശിക കോളത്തിൽ ഒരു വാർത്ത വന്നിരുന്നു.

(ബി&സി) മട്ടന്നൂർ നഗരസഭ വിഭജിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly